"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് സ്കൂൾ - ജീവനക്കാര്യം - തിരുവനന്തപുരം പേരൂർ എം.എം.യു.പി.എസ്. ലെ യു.പി.എസ്.ടി. ശ്രീ. പ്രമോദ് ജി. യ്ക്ക് പാർക്കിൻസൻസ് രോഗത്തിനായുള്ള ശസ്ത്രക്രിയയ്ക്കായി പലിശ രഹിത ചികിത്സ വായ്പ അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.2886/2026/GEDN തീയതി,തിരുവനന്തപുരം, 25-04-2026

---

പരാമർശം:-

1. 22.11.2024-ലെ സ.ഉ.(അച്ചടി) നം.100/2024/ധന
2. ശ്രീ. പ്രമോദ് ജി. സമർപ്പിച്ച 30.01.2026-ലെ അപേക്ഷ
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 25/02/2026-ലെ ഡിജിഇ/3586/2026-ആർ6 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം പേരൂർ എം.എം.യു.പി.എസ്. ലെ യു.പി.എസ്.ടി. ശ്രീ. പ്രമോദ് ജി. യുടെ പാർക്കിൻസൻസ് രോഗത്തിനായുള്ള Deep Brain Stimulation Neurosurgery ശാസ്ത്രക്രിയയ്ക്കായി 22,00,000/- രൂപ പലിശ രഹിത ചികിത്സ വായ്പ അനുവദിക്കുന്നതിലേക്കായി 30.01.2026 തീയതിയിൽ പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ പൊതുവിദ്യാഭ്യാസ ഡയറക്ടർ തുടർനടപടികൾക്കായി പരാമർശം (3) പ്രകാരം ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഈ വിഷയം നിലവിലെ ചട്ടങ്ങളുടെയും സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. തിരുവനന്തപുരം പേരൂർ എം.എം.യു.പി.എസ്. ലെ യു.പി.എസ്.ടി. ശ്രീ. പ്രമോദ് ജി. യുടെ (PEN- 591660, DOB-15/05/1972) ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് & ടെക്നോളജിയിലെ, പാർക്കിൻസൺസ് രോഗത്തിനായുള്ള (Deep Brain Stimulation Neurosurgery) ചികിത്സയ്ക്കായി, **22,00,000/- രൂപ (ഇരുപത്തിരണ്ട് ലക്ഷം രൂപ മാത്രം)** പലിശ രഹിത ചികിത്സാ വായ്പ സൂചന(1) ഉത്തരവിലെ ഖണ്ഡിക-vi) പ്രകാരം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതുമായി ബന്ധപ്പെട്ട ചെലവ് **"7610-00-800-91"** എന്ന ശീർഷകത്തിൽ (2026-2027 സാമ്പത്തിക വർഷം) നിന്നും വഹിക്കേണ്ടതാണ്.

3. മേൽ പ്രകാരം അനുവദിച്ച പലിശ രഹിത ചികിത്സാ വായ്പ, ശ്രീ. പ്രമോദ് ജി. സമർപ്പിക്കേണ്ട മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് ക്ലെയിമിൽ ക്രമപ്പെടുത്തേണ്ടതും വായ്പത്തുക പൂർണ്ണമായും ക്രമപ്പെടുത്തിയശേഷവും അനുവദനീയമായ ചികിത്സാചെലവ്

ശേഷിക്കുന്നുണ്ടെങ്കിൽ ആ തുക KGSMA ചട്ടങ്ങൾ പ്രകാരമുള്ള ചികിത്സാ ചെലവിന്റെ പ്രതിപൂരണമായി സർക്കാരിന്റെ അനുമതിയോടെ മാത്രം അനുവദിക്കാവുന്നതുമാണ്. ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർ മേലൊപ്പിട്ട ഉപയുക്തതാ സർട്ടിഫിക്കറ്റ് പ്രസ്തുത വായ്പ കൈപ്പറ്റുന്ന തീയതി മുതൽ 3 മാസത്തിനകം അപേക്ഷകൻ ഹാജരാക്കേണ്ടതാണ്. ചികിത്സയ്ക്ക് ചെലവായ തുക കിഴിച്ച് ബാക്കി തുകയുണ്ടെങ്കിൽ മേൽ പ്രകാരമുള്ള ഉപയുക്തതാ കാലയളവ് പൂർത്തിയായതിന്റെ തൊട്ടടുത്ത ദിവസം തന്നെ ട്രഷറിയിൽ ഒടുക്കി ചെലാൻ അപേക്ഷകൻ ലഭ്യമാക്കേണ്ടതും, പലിശരഹിത ചികിത്സാ വായ്പ സർക്കാരിന്റെ അനുമതിയോടെ 3 മാസത്തിനകം ക്രമപ്പെടുത്തേണ്ടതുമാണ്. അല്ലാത്ത പക്ഷം, മേൽ വ്യവസ്ഥകളിൽ ക്രമീകരണ അപേക്ഷ യഥാസമയം സമർപ്പിക്കാത്ത കേസുകളിൽ മുഴുവൻ വായ്പാ തുകയ്ക്കും, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ട കാലയളവിന് ശേഷമുള്ള അവശേഷിക്കുന്ന തുക യഥാസമയം തിരിച്ചടയ്ക്കാത്ത കേസുകളിൽ പ്രസ്തുത തുകയ്ക്കും 12% നിരക്കിൽ പലിശ വായ്പക്കാരനിൽ നിന്നും ഈടാക്കുന്നതാണ്. പ്രസ്തുത പലിശ രഹിത ചികിത്സാവായ്പ തുക ദുരുപയോഗപ്പെടുത്തുകയോ ഉപയോഗപ്പെടുത്താതിരിക്കുകയോ ചെയ്യുന്ന പക്ഷം ആയത് മൊത്തമായി പലിശ സഹിതം തിരിച്ചു പിടിക്കുന്നതാണ്. കൂടാതെ, വായ്പാക്കാരനെതിരെ അച്ചടക്ക നടപടിയും സ്വീകരിക്കുന്നതാണ്. പ്രസ്തുത വായ്പ വിതരണം ചെയ്യുന്നതിന് മുൻപായി വായ്പ തുക, വായ്പ അനുവദിച്ച ഉത്തരവിന്റെ നമ്പറും തീയതിയും ഉൾപ്പെടെയുള്ള വിവരങ്ങൾ വായ്പക്കാരന്റെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്. വായ്പ കൈപ്പറ്റാതിരിക്കുകയോ, റദ്ദ ചെയ്യപ്പെടുകയോ ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത വിവരം സർക്കാരിനെ കൃത്യമായും അറിയിക്കേണ്ടതാണ്.

4. ടി പലിശ രഹിത ചികിത്സാ വായ്പ ക്രമീകരിക്കുന്നതിനായി പലിശ രഹിത ചികിത്സാ വായ്പയ്ക്ക് അപേക്ഷ സമർപ്പിച്ച തീയതി മുതൽ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ട കാലയളവ് വരെയുള്ള ചികിത്സയുടെ ബില്ലുകൾ മാത്രമേ സമർപ്പിക്കാവൂ. അപ്രകാരമുള്ള ഉപയുക്തതാ സർട്ടിഫിക്കറ്റ് മാത്രമേ ലഭ്യമാക്കാവൂ. കൂടാതെ വായ്പ കൈപ്പറ്റിയ തീയതി കൂടി ലഭ്യമാക്കേണ്ടതാണ്. പലിശ രഹിത വായ്പയുമായി ബന്ധപ്പെട്ട നിലവിലെ സർക്കാർ ഉത്തരവുകളിലെ നിബന്ധനകൾ കർശനമായും പാലിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം-695 014. (ബില്ലുകളും, അനുബന്ധരേഖകളും സഹിതം.)
വിദ്യാഭ്യാസ ഉപഡയറക്ടർ, തിരുവനന്തപുരം.
ശ്രീ.പ്രമോദ് ജി., യു.പി.എസ്.റ്റി., എം.എം.യു.പി.എസ്. പേരൂർ, തിരുവനന്തപുരം.
സബ്ട്രഷറി ഓഫീസർ, സബ്ട്രഷറി, കിളിമാനൂർ
ധനകാര്യ വകുപ്പ് (അനൗ.നം.3471616/എൽ3/29/2026/ഫിൻ തീയതി 07/04/2026)
ആരോഗ്യ കുടുംബക്ഷേമ വകുപ്പ് (അനൗ.നം.ജി2/139/2026/ആ.കു.വ തീയതി 23/03/2026)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Abeeja Raj B
Date: 27-04-2026 10:07:15

സെക്ഷൻ ഓഫീസർ